"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- തിരുവനന്തപുരത്തെ ടെക്നോസിറ്റി ക്യാമ്പസിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (ഐ.ഐ.ഐ.ടി.എം-കെ) യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്

സ.ഉ.(കൈ) നം.35/2023/ITD    തീയതി,തിരുവനന്തപുരം, 11-11-2023

പരാമർശം:-
1. ഐ.ഐ.ഐ.ടി.എം-കെ രജിസ്ട്രാറുടെ 20/04/2023 തീയതിയിലെ IIITMK/F&A/4905/2023 നം കത്ത്.
2. 13/07/2023 ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. സ.ഉ(പി).നം 76/2019/ധന തീയതി 02.07.2019.
4. സ.ഉ(പി).നം 81/2019/ധന തീയതി 09.07.2019.

## ഉത്തരവ്

തിരുവനന്തപുരത്ത് ടെക്നോസിറ്റി ക്യാമ്പസിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള (ഐ.ഐ.ഐ.ടി.എം-കെ) യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം IIITM-K രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കാവശ്യമായ തുക ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റഡ് കോസ്റ്റ് (തുക ലക്ഷത്തിൽ) |
|---|---|
| ഫൗണ്ടേഷൻ വർക്ക് | 1360.00 |
| സൂപ്പർസ്ട്രക്ചർ വർക്ക് | 7640.00 |
| ബാഹ്യ വികസന പ്രവർത്തനങ്ങൾ, പലതരം ജോലികൾ | 1460.00 |
| നിയമപ്രകാരമുള്ള അനുമതികൾ, പി.എം.സി, ഭരണപരമായ ചെലവുകൾ | 500.00 |
| ആകെ തുക | 10960.00 |

2) ലൈബ്രറി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുൾപ്പെടെ നാലുനില കെട്ടിടം നിർമിക്കുന്നതിനും ലാബ് സ്ഥാപിക്കുന്നതിനും മറ്റ് വികസന

പ്രവർത്തനങ്ങൾക്കുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം **4859-02-190-93** എന്ന ശീർഷകത്തിൽ ഈ പദ്ധതിക്കായി **₹19.60** കോടി (പത്തൊൻപത് കോടി അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

**3) 13.07.2023**-ന് ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് **'PRICE'** സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി, പദ്ധതിയ്ക്ക് **109.60** കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി.

**4)** സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരത്ത് ടെക്നോസിറ്റി ക്യാമ്പസിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (ഐ.ഐ.ഐ.ടി.എം-കെ) യുടെ പുതിയ ക്യാമ്പസ് നിർമ്മിക്കുന്നതിന് **109.60** കോടി (നൂറ്റിയൊൻപത് കോടി അറുപത് ലക്ഷം രൂപ മാത്രം) രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുടെ നിർവ്വഹണം, താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായിരിക്കണം :-

**i)** പദ്ധതിയുടെ എസ്റ്റിമേറ്റ് ' **PRICE** ' സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.

**ii)** സിവിൽ വർക്കുകൾ **CPWD** നിരക്കുകൾക്കനുസൃതമായിട്ടായിരിക്കണം.

**iii)** പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ചെലവ് **4859-02-190-93** ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുള്ളതായിരിക്കണം.

**iv)** ടെണ്ടർ/ഇ-ടെണ്ടർ നടപടിക്രമങ്ങൾ ആവശ്യമുള്ളിടത്ത് അവ പാലിക്കേണ്ടതാണ്.

**(v)** പദ്ധതി ചെലവിനനുസൃതമായി മാത്രം ഫണ്ട് പിൻവലിക്കേണ്ടതും, ഫണ്ട് ബാങ്കുകളിലോ മറ്റ് ധനകാര്യസ്ഥാപനങ്ങളിലോ സൂക്ഷിക്കാൻ പാടില്ലാത്തതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റാൻ പാടില്ലാത്തതുമാണ്.

**(vi)** പ്രസ്തുത പദ്ധതി മുഖേന തസ്തിക സൃഷ്ടിക്കുന്നതും വാഹനം വാങ്ങുന്നതും അനുവദനീയമല്ല.

**(vii)** പദ്ധതി നിർവഹണത്തിന് പ്രോജക്ട് സ്റ്റാഫിനെ നിയമിക്കേണ്ടത് ആവശ്യമാണെങ്കിൽ സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

**(viii)** സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിക്കേണ്ടതാണ് .

**(ix) 2024-25**ൽ പദ്ധതി പൂർത്തീകരിക്കണം

5) പ്രസ്തുത പദ്ധതി നിർവ്വഹണം, നിലവിലെ ചട്ടങ്ങളും, മാനദണ്ഡങ്ങളുമനുസരിച്ചാണ് നടപ്പിലാക്കുന്നതെന്നു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള രജിസ്ട്രാർ ഉറപ്പു വരുത്തേണ്ടതാണ്. ഫണ്ട് റിലീസിനുള്ള പ്രൊപ്പോസൽ നിശ്ചിത മാതൃകയിൽ, പദ്ധതി ചെലവിന്റെ തരം തിരിച്ചുള്ള റിപ്പോർട്ടും, മുൻ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ തുകയുടെ ധന വിനിയോഗ സർട്ടിഫിക്കറ്റും സഹിതം സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ നടപടിക്രമങ്ങളിൽ വ്യതിയാനമോ ലംഘനമോ ഉണ്ടായാൽ ഫണ്ട് അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:
രജിസ്ട്രാർ, ഐ.ഐ.ഐ.ടി.എം-കെ (IIITM-K) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്എസ്എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (31-07-2023 ലെ 2434438-PU-D3/68/2023-Fin പ്രകാരം)
ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
(08.11.2023 തീയതിയിലെ ഇനം നം.-1859 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 13-11-2023 10:13:23
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-11-2023

ഫയൽ നം. ഐ.ടി.-ബി2/99/2023/വി.സ.വ. ഇനം നം: 1859

വിഷയം : ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പ് - ഐ.ഐ.ഐ.ടി.എം.-കെ-യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്.

1859

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഐ.ടി.ബി2/99/2023/വി.സ.വ |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ് |
| 3 | വിഷയം | : | ഐ.ഐ.ഐ.ടി.എം-കെ യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.08.2023 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഉൾപ്പെടുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു. കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.10.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.10.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.11.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.11.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ 109.60 കോടി രൂപ ചെലവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (ഐ.ഐ.ഐ.ടി.എം.-കെ) യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) ഐടിയിലും അനുബന്ധ മേഖലകളിലും കേരളത്തിൽ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള സർക്കാർ 2000-ൽ ഒരു സ്വയംഭരണ സ്ഥാപനമായി IIITM-K സ്ഥാപിച്ചത്. തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദേശം ഐഐഐടിഎം-കെ രജിസ്ട്രാർ സമർപ്പിച്ചിരുന്നു. 13/07/2023 ന് നടന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് മുമ്പാകെ ഈ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. പദ്ധതിയുടെ എസ്റ്റിമേറ്റ് "PRICE" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണമെന്ന വ്യവസ്ഥയിൽ 109.60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകുന്നതിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകി.

(3) നടപ്പ് സാമ്പത്തിക വർഷം '4859-02-190-93' എന്ന ശീർഷകത്തിൽ ഈ പദ്ധതിക്കായി 19.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈബ്രറി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുൾപ്പെടെ നാലുനില കെട്ടിടം നിർമിക്കുന്നതിനും ലാബ് സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2024-25 ൽ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ IIITM-K യുടെ പുതിയ ക്യാമ്പസ് നിർമിക്കുന്നതിനുള്ള പദ്ധതിയ്ക്കാവശ്യമായ തുക ചുവടെ ചേർക്കുന്നു :

| ഇനം | തുക (ലക്ഷത്തിൽ) |
|---|---|
| ഫൗണ്ടേഷൻ വർക്ക് | 1360.00 |
| സൂപ്പർസ്ട്രക്ചർ വർക്ക് | 7640.00 |
| എക്സ്റ്റേണൽ ഡെവലപ്മെന്റ് & മിസലേനിയസ്സ് വർക്ക്സ് | 1460.00 |
| സ്റ്റാറ്റ്യൂട്ടറി അപ്രൂവൽസ്, പി.എം.സി. & അഡ്മിസ്ട്രേറ്റീവ് കോസ്റ്റ് | 500.00 |
| ആകെ തുക | **10960.00** |

(5) തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ ഐ.ഐ.ഐ.ടി.എം-കെയ്ക്ക് പുതിയ ക്യാമ്പസ് നിർമ്മിക്കുന്നതിനുള്ള സമഗ്രമായ ഭരണാനുമതി നൽകുന്നതിനുള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, നിർദ്ദേശം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ 109.60 കോടി രൂപ ചെലവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (IIITM-K) യുടെ പുതിയ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി സമഗ്ര ഭരണാനുമതി നൽകാമോ?